ഭരണഭാഷ - മാതൃഭാഷ

പരീക്ഷ - അടിയന്തിരം

നം.ക്യൂ.ഐ.പി(1)/24318/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി: 05/12/2019.

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - 2019-20 അദ്ധ്യയന വർഷത്തെ രണ്ടാം പാദവാർഷിക പരീക്ഷ - മൂല്യനിർണ്ണയം നടത്തിപ്പ് - സംബന്ധിച്ച്.

സൂചന:- --

****

2019-20 അദ്ധ്യയന വർഷത്തെ രണ്ടാം പാദവാർഷിക പരീക്ഷകൾ 9/12/2019 ന് ആരംഭിക്കുകയാണ്. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. ഓരോ സ്കൂളിനും ആവശ്യമായ ചോദ്യപേപ്പറുകൾ ബന്ധപ്പെട്ട ബി.ആർ.സി കളിൽ എത്തിച്ചിട്ടുണ്ട്. എൽ.പി./യു.പി./ഹൈസ്കൂളുകളാണെങ്കിൽ പ്രഥമാദ്ധ്യാപകരും, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളാണെങ്കിൽ ഹയർ സെക്കണ്ടറി പ്രിൻസിപ്പൽ/വൊക്കെഷണൽ ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാർ/വൈസ് പ്രിൻസിപ്പൽ എന്നിവർ കൂടിച്ചേർന്ന് ചുമതലപ്പെടുത്തുന്ന അധ്യാപകരും ബി.ആർ.സി കളിൽ നിന്ന് 6/12/2019 ന് ചോദ്യപേപ്പറുകൾ ശേഖരിക്കേണ്ടതാണ്.
2. ഹൈസ്കൂൾ വിഭാഗം സ്പെഷ്യൽ സ്കൂളുകൾക്കുള്ള (എച്ച്.ഐ. വിഭാഗം) ചോദ്യപേപ്പറുകളും 6/12/2019 ന് ബന്ധപ്പെട്ട ബി.ആർ.സി കളിൽ നിന്ന് പ്രഥമാദ്ധ്യാപകർ ശേഖരിക്കേണ്ടതാണ്.
3. പ്രിൻസിപ്പൽ, വൈസ് പ്രിൻസിപ്പൽ, എസ്.ആർ.ജി കൺവീനർ എന്നിവർ സംയുക്തമായി യോഗം ചേർന്ന് വിദ്യാർത്ഥികളുടെ സിറ്റിംഗ് ക്രമീകരണം നേരത്തേ കൂട്ടി ചാർട്ട് ചെയ്യുകയും 7-ാം തീയതി എല്ലാ ക്ലാസ്സ് റൂമിന്റെയും പ്രവേശന കവാടത്തിൽ വിദ്യാർത്ഥികളുടെ ക്രമീകരണം സംബന്ധിച്ച് സ്ലിപ്പ് പതിക്കേണ്ടതുമാണ്.
4. ക്ലാസ്സ് റൂമുകളിലെ വിദ്യാർത്ഥികളുടെ ക്രമീകരണം സംബന്ധിച്ച അറിയിപ്പ് നോട്ടീസ് ബോർഡിൽ പതിക്കേണ്ടതാണ്.
5. ഒന്ന് മുതൽ നാലാം ക്ലാസ്സുവരെയും, 10, +1, +2 എന്നീ ക്ലാസ്സുകളിലേയും പരീക്ഷകൾ രാവിലെ 10 മണിയ്ക്ക് ആരംഭിക്കേണ്ടതാണ്. 5 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ പരീക്ഷകൾ ഉച്ച കഴിഞ്ഞ് 2 മണിയ്ക്കാണ് ആരംഭിക്കേണ്ടത് (നേരത്തെ പ്രസിദ്ധീകരിച്ച ടൈംടേബിൾ പ്രകാരം 8 -ാം ക്ലാസ്സിലെ പരീക്ഷകൾ ഉച്ച കഴിഞ്ഞ് 1.30-ന് ആരംഭിക്കുമെന്നാണ് അറിയിച്ചിരുന്നത്. ആയത് 2 മണി മുതൽ ആരംഭിക്കേണ്ടതാണ്).
6. ചോദ്യ പേപ്പറുകൾ കൈകാര്യം ചെയ്യുമ്പോൾ ആയതിന്റെ രഹസ്യ സ്വഭാവം കാത്തു സൂക്ഷിക്കേണ്ടതും, പരാതികൾക്ക് ഇടയാകാത്ത വിധം വൊക്കേഷണൽ ഹയർ

സെക്കണ്ടറി, ഹയർ സെക്കണ്ടറി, ഹൈസ്ക്കൂൾ വിഭാഗങ്ങൾ ഒരുമിച്ച് പരീക്ഷാ നടപടികൾ പൂർത്തിയാക്കേണ്ടതുമാണ്.

7. രണ്ടാം പാദവാർഷിക നടത്തിപ്പിനായി സ്കൂളിലെ സാധ്യമായ എല്ലാ ക്ലാസ് മുറികളും ഉപയോഗപ്പെടുത്തേണ്ടതാണ്. പരീക്ഷാ നടത്തിപ്പിന് ആവശ്യമായ ക്ലാസ് മുറികളുള്ള സ്കൂളുകളികളിൽ ഹയർസെക്കണ്ടറി, പത്താംതരം പരീക്ഷകൾ വെവ്വേറെ ക്ലാസ് മുറികളിൽ നടത്താവുന്നതാണ്. ഇപ്രകാരം പരീക്ഷ ക്രമീകരണം നടത്തുമ്പോൾ ഒരു ബെഞ്ചിൽ പരമാവധി 3 പേർ എന്ന തോതിൽ ഹയർ സെക്കണ്ടറി ഒന്നും രണ്ടും വർഷ വിദ്യാർത്ഥികളെ ഇടകലർത്തി ഇരുത്തേണ്ടതാണ്. എസ്.എസ്.എൽ.സി പരീക്ഷാ ഹാളിൽ ഒരു ബെഞ്ചിൽ രണ്ട് വിദ്യാർത്ഥികളെയാണ് ഇരുത്തേണ്ടത്.
8. മേൽ പറഞ്ഞ രീതിയിൽ പരീക്ഷ നടത്തുന്നതിന് ആവശ്യമായ ക്ലാസ്സ് മുറികൾ, ഫർണിച്ചറുകൾ ഇല്ലാത്ത സ്കൂളുകളിൽ രണ്ട് എസ്.എസ്.എൽ.സി കുട്ടികളുടെ ഇടയ്ക്ക് ഒരു പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥി എന്ന രീതിയിലോ രണ്ട് പ്ലസ് വൺ, പ്ലസ് ടു കുട്ടികളുടെ ഇടയ്ക്ക് ഒരു എസ്.എസ്.എൽ.സി വിദ്യാർത്ഥി എന്ന രീതിയിലോ ഒരു ബെഞ്ചിൽ പരമാവധി മൂന്നുപേർ എന്ന തോതിൽ ഇരുത്തേണ്ടതാണ്.
9. എസ്.എസ്.എൽ.സി, ഹയർ സെക്കണ്ടറി പരീക്ഷകൾ ഒരേ സമയം നടക്കുന്നതിനാൽ ആവശ്യമായ എല്ലാ ക്രമീകരണങ്ങളും (ഇൻവിജിലേഷൻ ഡ്യൂട്ടി ഉൾപ്പെടെ) പ്രിൻസിപ്പാൾ, വൈസ് പ്രിൻസിപ്പാൾ എന്നിവർ കൂടിയാലോചിച്ച് ഉചിതമായ തീരുമാനം എടുക്കേണ്ടതാണ്.

പരീക്ഷ സംബന്ധമായ സംശയനിവാരണത്തിന് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ താഴെ പറയുന്ന ഉദ്യോഗസ്ഥനെ ബന്ധപ്പെടാവുന്നതാണ്.

സഞ്ജയ്.പി. – 7012088643

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഹയർ സെക്കണ്ടറി വിഭാഗം)
എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം)
എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ പ്രിൻസിപ്പൽ/ വൈസ് പ്രിൻസിപ്പൽ/ പ്രഥമാധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

പകർപ്പ്

സ്റ്റേറ്റ് പ്രൊജക്റ്റ് ഡയറക്ടർ, സമഗ്ര ശിക്ഷ, കേരള
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.